**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 633** **23-02-2022 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രിക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | റോഡ് നവീകരണത്തിന്റെ ഭാഗമായി റോഡ് വീതി കൂട്ടുമ്പോൾ നേരത്തേ സ്ഥാപിച്ചിരുന്ന ഇലക്ട്രിക്ക് പോസ്റ്റുകൾ റോഡിലേക്ക് തള്ളി നിൽക്കുന്നത് വാഹന ഗതാഗതത്തിന് തടസ്സമാകുന്നതും അപകടങ്ങൾക്ക് കാരണമാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പോസ്റ്റ് മാറ്റി സ്ഥാപിക്കുന്നതിന് ആവശ്യമായ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ/ പിഡബ്ല്യൂഡി ഒടുക്കുന്ന മുറയ്ക്ക് മാറ്റി സ്ഥാപിച്ചു വരുന്നു. |
| (ബി) | കൂത്തുപറമ്പ് നിയോജകമണ്ഡലത്തിൽ തദ്ദേശ റോഡുകളിൽ ഉൾപ്പെടെ ഇത്തരം ഇലക്ട്രിക്ക് പോസ്റ്റുകൾ റോഡിലേക്ക് തള്ളി നിൽക്കുന്നത് മാറ്റി സ്ഥാപിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുകയെന്നും ആയതിന്റെ ചുമതല ആർക്കാണെന്നും വ്യക്തമാക്കുമോ? | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അപേക്ഷ കിട്ടുന്ന മുറയ്ക്ക് കെ.എസ്.ഇ.ബി.എൽ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുകയും, ആവശ്യമായ തുക അടക്കുന്ന മുറയ്ക്ക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കുന്ന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അതാത് ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുമായി ബന്ധപ്പെട്ട് ഇക്കാര്യത്തിൽ തുടർനടപടികൾ ക്കായി സ്വീകരിക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ